# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

**സാജമ്മ. ജെ. പുന്നൂർ : അദ്ധ്യക്ഷ**

**ഫ്രാൻസിസ്. എ. സി : അംഗം**

ഒ.പി. നം. **38/2024-25**

**പരാതിക്കാരൻ :**

1. **ശ്രീ. പി. സി. മൂസക്കുട്ടി, പ്രസിഡന്റ്, പെരിങ്ങാവ് ജുമഅത്ത് പള്ളി പരിപാലന കമ്മറ്റി, പുതുക്കോട്, മലപ്പുറം–676 551.**

**എതിർകക്ഷികൾ :**

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊണ്ടോട്ടി, കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം– ജില്ല.**
2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കാരാട്, കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം– ജില്ല.**

# ഉത്തരവ്

## പരാതി:-

പെരിങ്ങാവ് ജുമുഅത്ത് പള്ളി പരിപാലന കമ്മറ്റിയുടെ പ്രസിഡന്റാണ് പരാതിക്കാരൻ. പെരിങ്ങാവ് ജുമുഅത്ത് പള്ളിയുടെ ആവശ്യങ്ങൾക്കായി 1167688003362 എന്ന നമ്പറിൽ 17.753 KW കണക്റ്റഡ് ലോഡോടുകൂടിയ ഒരു ത്രീഫേസ് കണക്ഷൻ LT VI A താരിഫിൽ ഉണ്ടെന്നും രണ്ടാമതായി 1167688018207 കൺസ്യൂമർനമ്പറായി LT VI F താരിഫിൽ ഒരു കണക്ഷൻ കൂടി ഉണ്ട് എന്ന് പരാതിക്കാരൻ അറിയിക്കുന്നു. രണ്ടാമത്തെ കണക്ഷൻ പള്ളിയുടെ ഭാവിയിൽ ഉണ്ടാകുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കും പള്ളിയുടെ കബർസ്ഥാൻ കട്ടപ്പമുള്ള പാറയായതിനാൽ കബർകുഴിക്കുന്നതിന് വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുമാണ് എന്നും വ്യാജപരാതിയുടെ പേരിൽ 1167688018207 എന്ന കൺസ്യൂമർ നമ്പറിലെ കണക്ഷൻ വിച്ഛേദിക്കാൻ കാരാട് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടീസ് നൽകിയിരിക്കുകയാണ് എന്നും ആയതിനാൽ 1167688018207 നമ്പർ വൈദ്യുതി കണക്ഷൻ നിലനിർത്താൻ വേണ്ട ഉത്തരവ് ഉണ്ടാകണമെന്നും പരാതിക്കാരൻ അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ വിശദീകരണം:-

പരാതിക്കാരൻ മലപ്പുറം ജില്ലയിലെ കാരാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ പെരിങ്ങാവ് ജുമുഅത്ത് പള്ളി പരിപാലന കമ്മറ്റി പ്രസിഡന്റാണെന്നും, പെരിങ്ങാവ് ജുമുഅത്ത് പള്ളിയുടെ സാധാരണ ആവശ്യങ്ങൾക്കായി 1167688003362 എന്ന നമ്പറിൽ ഒരു ത്രീഫേസ് കണക്ഷൻ LT VI A താരിഫിൽ ഉണ്ടെന്നും രണ്ടാമതായി 1167688018207 കൺസ്യൂമർനമ്പറായി LT VI F താരിഫിൽ ഒരു കണക്ഷൻ കൂടി എടുക്കുകയും ഇത് പള്ളിയുടെ ഭാവിയിൽ ഉണ്ടാകുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കും, പള്ളിയുടെ കബർസ്ഥാൻ കട്ടപ്പമുള്ള പാറയായതിനാൽ കബർകുഴിക്കുന്നതിന് വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി ഉയർന്ന താരിഫ് നിരക്കിലാണ് എടുത്തിട്ടുള്ളതെന്നും ആയതിനാൽ വൈദ്യുതി ബോർഡിന് യാതൊരു നഷ്ടവും സംഭവിക്കുന്നില്ലെന്ന് പരാതിക്കാരൻ അറിയിക്കുന്നു.

കാരാട് ഇലക്ട്രിക്കൽ സെക്ഷനിൽ സജാദ് എന്നവർ നൽകിയ വ്യാജ പരാതിയിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉയർന്ന താരിഫിലുള്ള കണക്ഷൻ ഒഴിവാക്കാൻ നോട്ടീസ് നൽകിയിരിക്കുകയാണ് എന്നും വൈദ്യുതി ബോർഡ് നിയമമനുസരിച്ചാണ് കുറഞ്ഞ താരിഫിലുള്ള കണക്ഷനിൽ നിന്നും വൈദ്യുതി ഉപയോഗിക്കാത്തതെന്നും പരാതിക്കാരൻ അറിയിക്കുന്നു. കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റഗുലേഷൻ 154 പ്രകാരം രണ്ട് ആവശ്യങ്ങളാണെങ്കിൽ രണ്ട് കണക്ഷനുകൾ പ്രസ്തുത ആവശ്യങ്ങൾക്ക് എടുക്കണമെന്ന് പറയുമ്പോളും കൊണ്ടോട്ടി സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽസപ്ലൈ കോഡ് റഗുലേഷൻ 52 പ്രകാരം കണക്ഷൻ അഴിച്ചുമാറ്റാനാണ് ഉത്തരവിട്ടത്.

നിലവിലുള്ള രണ്ട് കണക്ഷനുകളുടെയും ഇതുവരെയുള്ള ബില്ലുകൾ കൃത്യമായി അടച്ചിട്ടുണ്ടെന്നും, ഉയർന്നതാരിഫിൽ നിർമ്മാണ പ്രവൃത്തികൾക്കായി എടുത്തിരിക്കുന്ന കണക്ഷൻ ഭാവിയിൽ നിർമ്മാണ പ്രവൃത്തികൾ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും ആയത് പൂർത്തിയാകുന്ന മുറക്ക് സ്വമേധയാ ഒഴിവാക്കുന്നതുമാണെന്ന് വ്യക്തമാക്കുന്നു. ആയതിനാൽ ഉയർന്നതാരിഫിൽ എടുത്തിരിക്കുന്ന 1167688018207 നമ്പർ വൈദ്യുതികണക്ഷൻ നിലനിർത്താൻ വേണ്ട ഉത്തരവ് ഉണ്ടാകണമെന്ന് പരാതിക്കാരൻ ഫോറത്തോട് അപേക്ഷിക്കുന്നു.

<u>എതിർകക്ഷിയുടെ വിശദീകരണം :-</u>

ഇലക്ട്രിക്കൽ സെക്ഷൻ കാരാടിന്റെ കീഴിൽ കൺസ്യൂമർ നമ്പർ 1167688003362 ആയി പി.കെ മൂസ, പ്രസിഡന്റ്, പെരിങ്ങാവ് ജുമുഅത്ത് പള്ളി, പെരിങ്ങാവ് എന്ന അഡ്രസ്സിൽ LT VI A താരിഫിൽ നിലവിൽ ത്രീഫേസ് വൈദ്യുതി കണക്ഷൻ ഉണ്ട്. ടി വൈദ്യുതി കണക്ഷന്റെ ലോഡ് 17.753 KW ആണ്. 20-09-2023 തിയ്യതിയിൽ ആണ് ഈ വൈദ്യുതി കണക്ഷൻ സിംഗിൾ ഫേസിൽ നിന്നും ത്രീഫേസ് ആക്കി മാറ്റുന്നതും, കണക്ടഡ് ലോഡ് 17.753 KW ആയി വർദ്ധിപ്പിച്ചിട്ടുള്ളതും

കൺസ്യൂമർ നമ്പർ 18207 ന്റെ സർവ്വീസ് കണക്ഷൻ അപേക്ഷ പരിശോധിച്ചപ്പോൾ വ്യക്തമായ കാര്യങ്ങളിവയാണെന്നും എതിർകക്ഷി പറയുന്നു.

- പെരിങ്ങാവ് ജുമുഅത്ത് പള്ളിക്ക് വേണ്ടി ശ്രീ. മൂസക്കുട്ടി പി.സി, 04-04-2024 ന് 1406 വാട്സ് കണക്റ്റഡ് ലോഡുള്ള ബിൽഡിംഗിലേക്ക് ഓൺലൈനായി അപേക്ഷ നൽകി. അപേക്ഷയിൽ പർപ്പസ് ഓഫ് സപ്ലൈ, ഡൊമസ്റ്റിക് എന്നു രേഖപ്പെടുത്തി കാണുന്നു.

- ഓവർസിയർ ശ്രീ. അനിൽകുമാർ. പി 05-04-2024 ന് സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടിൽ കണക്ഷൻ എന്താവശ്യത്തിനാണെന്നോ താരിഫോ ഓവർസിയർ രേഖപ്പെടുത്തിയിട്ടില്ല. ഇതെല്ലാം അംഗീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പിട്ടിട്ടുണ്ട് എന്നാൽ അപേക്ഷയുടെ മുൻപേജിൽ സർവ്വീസ് കണക്ഷൻ നൽകുമ്പോൾ പൂരിപ്പിക്കുന്ന ഭാഗത്ത് പർപ്പസ് -കൺസ്ട്രക്ഷൻ, താരിഫ് -6 F എന്നിങ്ങനെ രേഖപ്പെടുത്തികാണുന്നു.

- അപേക്ഷയോടൊന്നിച്ച് സമർപ്പിച്ചിട്ടുള്ള തിരിച്ചറിയൽ രേഖ ശ്രീ. മൂസക്കുട്ടി പി.സിയുടെ ആധാർകാർഡിന്റെ പകർപ്പാണുള്ളത്.

- ഉടമസ്ഥാവകാശ രേഖയായി സമർപ്പിച്ചിട്ടുള്ളത് ചെറുകാവ് ഗ്രാമപഞ്ചായത്ത് 09-03-2024 കെ. എസ്. ഇ. ബി. യിലെ ഓണർഷിപ്പ് മാറ്റത്തിനായി പെരിങ്ങാവ് പള്ളി കമ്മറ്റിയുടെ പേരിൽ 74/2 എന്ന ബിൽഡിംഗ് നൽകിയിട്ടുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റാണ്.

- സ്ത്രീകളുടെ നിസ്കാര മുറിയിലേക്കും പാർക്കിംഗ് ഏരിയയിലേക്കും പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് പ്രസിഡന്റ് പി. സി. മൂസക്കുട്ടി ഹാജിയെ ചുമതലപ്പെടുത്തികൊണ്ടുള്ള 22-12-2023 ലെ പ്രവർത്തകസമിതിയുടെ മിനുട്സിന്റെ പകർപ്പും അപേക്ഷയോടൊന്നിച്ച് സമർപ്പിച്ചിട്ടുണ്ട്. പെരിങ്ങാവ് പള്ളി കമ്മറ്റിയുടെ ലെറ്റർഹെഡിലുള്ള സാക്ഷ്യപത്രമോ മറ്റേതെങ്കിലുമോ വെച്ചിട്ടില്ല. മിനുട്സിലെവിടെയും പെരിങ്ങാവ് പള്ളി എന്ന പരാമർശവുമില്ല.

- അപേക്ഷയോടൊന്നിച്ച് നൽകിയിട്ടുള്ള പ്ലാനിലും കണക്റ്റഡ് ലോഡ് വിവരങ്ങളിലും ഫാൻ-8 എണ്ണം, എൽ ഇ ഡി ബൽബുകൾ 11 എണ്ണം, പ്ലഗ്ഗുകൾ 4 എണ്ണം എന്നിവ ഘടിപ്പിച്ചതായി കാണുന്നു. ഇത് ഓവർസീയർ അപേക്ഷാഫോമിൽ മൊത്തം 1406 വാട്സ് ആയി സാക്ഷ്യപ്പെടുത്തിയതുമാണ്.

ലോഡ് പർട്ടിക്കുലർസ് പരിശോധിച്ചാൽ തന്നെ ഇവയൊന്നും കൺസ്ട്രക്ഷൻ പർപ്പസുമായി ബന്ധപ്പെട്ടിട്ടുള്ള ലോഡുകൾ അല്ല എന്നുള്ളത് മനസ്സിലാക്കാവുന്നതാണ്. 3362 ന്റെ അപേക്ഷയോടൊന്നിച്ച് നൽകി അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച പ്ലാനിൽ ഉൾപ്പെടുന്ന മസ്ജിദ് ഷെഡ് എന്ന് രേഖപ്പെടുത്തിയ ബിൽഡിംഗിലേക്കു തന്നെയാണ് പുതിയ സർവ്വീസ് കണക്ഷൻ 18207 നൽകിയിരിക്കുന്നത്. പെരിങ്ങാവ് പള്ളിയുടെ മൊത്തം കണക്ടഡ് ലോഡായി അംഗീകരിച്ചിരിക്കുന്നത് 17,753 വാട്സ് ആണ്. ഇതിൽ മസ്ജിദ് ഷെഡിലെ കണക്ടഡ് ലോഡ് കൂടി ഉൾപ്പെടുന്നു. മേൽ പറഞ്ഞ രണ്ടു കണക്ഷനുകളും നൽകിയിട്ടുള്ളത് പെരിങ്ങാവ് ജുമുഅത്ത് പള്ളിയുടെ കോമ്പൗണ്ടിനുള്ളിലാണ്.

കൺസ്യൂമർ നമ്പർ 18207 ന്റെ സർവ്വീസ് കണക്ഷൻ നൽകിയിരിക്കുന്ന ബിൽഡിംഗിൽ സ്ത്രീകൾക്കായുള്ള നമസ്കാര സൗകര്യമാണുള്ളത്. ഇതോടനുബന്ധിച്ചുള്ള ഷെഡിൽ പ്രാർത്ഥനാ ക്ലാസുകളാണ് നടക്കാറുള്ളത് എന്ന് പ്രാദേശിക അന്വേഷണത്തിൽ നിന്നും ബോധ്യമായി. അതിനായി ഒരു സ്ഥിരം സ്റ്റേജും അവിടെകാണാം. ഇവിടെ പള്ളിയുടെ അനുബന്ധപ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും എതിർകക്ഷി ബോധിപ്പിക്കുന്നു.

പെരിങ്ങാവ് പള്ളിയിൽ പുതുതായി നൽകിയ സർവ്വീസ് കണക്ഷൻ (കൺസ്യൂമർ നമ്പർ 18207) കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റഗുലേഷൻ 52 ന് വിരുദ്ധമായാണ് നൽകിയിരിക്കുന്നത്. പെരിങ്ങാവ് പള്ളിക്കായി കണക്ഷൻ (കൺസ്യൂമർ നമ്പർ 13362) ആരാധനാലയങ്ങൾക്കുള്ള 6 A താരിഫിലാണ് നൽകിയിട്ടുള്ളത്. പള്ളിയോടനുബന്ധിച്ച് തന്നെയാണ് മതപരമായ ചടങ്ങുകൾക്കും പ്രാർത്ഥനകൾക്കുമായി പരാതിയിൽ പറയുന്ന കെട്ടിടവും, ഷെഡും നിർമ്മിച്ചിരിക്കുന്നതായി കാണുന്നത്. ആരാധനാലയങ്ങളിൽ മതാചാരപ്രകാരം, കാഠിന്യമേറിയ മണ്ണുള്ള ഇടങ്ങളിൽ മാത്രം വല്ലപ്പോഴും കബറിന് വൈദ്യുതി ഉപയോഗിച്ച് കുഴിയെടുക്കുന്നത് നിർമ്മാണ പ്രവർത്തനങ്ങളായി കാണുന്നത് ഉചിതമല്ല. അതിനാൽ നടപടികളൊന്നും പാലിക്കാതെ

കൺസ്യൂമർ നമ്പർ 18207 ന്റെ താരിഫ് നിർമ്മാണ പ്രവർത്തികൾക്കുള്ള 6 F താരിഫിലേക്ക് മാറ്റിയിട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടി തെറ്റാണെന്നും ഒരേ ആവശ്യത്തിന് ഒരു പ്രിമിസസ്സിൽ ഒന്നിലധികം കണക്ഷനുകൾ സപ്ലൈ കോഡ് 2014 റഗുലേഷൻ 52 അനുസരിച്ച് അനുവദനീയമല്ല എന്നും അതിനാൽ കൺസ്യൂമർ നമ്പർ 18207 ന്റെ സർവ്വീസ് കണക്ഷൻ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് അഴിച്ചൊഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും എതിർകക്ഷി അറിയിക്കുന്നു. കൺസ്യൂമർ നമ്പർ 18207 ആയി നൽകിയിട്ടുള്ള കെട്ടിടവും ഷെഡും അതിൽ ഘടിപ്പിച്ച വൈദ്യുതി ഉപകരണങ്ങളും, പെരിങ്ങാവ് പള്ളിക്കായി കൺസ്യൂമർ നമ്പർ 3362 എന്ന സർവ്വീസ് കണക്ഷന്റെ കണക്റ്റഡ് ലോഡ് വർദ്ധിപ്പിച്ച് ത്രീഫേസ് കണക്ഷൻ ആക്കിയ സമയത്ത് (20-09-2023) അംഗീകരിച്ച പ്ലാനിലും കണക്റ്റഡ് ലോഡിലും ഉൾപ്പെട്ടിട്ടുള്ളതാണ് എന്നും ആയതിനാൽ കൺസ്യൂമർ നമ്പർ 3362 ൽ നിന്ന് സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുതി, 18207 കണക്ഷൻ നൽകിയിട്ടുള്ള കെട്ടിടത്തിലേക്കും ഷെഡിലേക്കും ദീർഘിപ്പിച്ചുപയോഗിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല എന്നും എതിർകക്ഷി അറിയിച്ചു.

<u>അവലോകനവും കണ്ടെത്തലും</u>:-

ഈ കേസിന്റെ വിചാരണ 10-09-2024 ന് കോഴിക്കോട് സി.ജി ആർ.എഫ് ഓഫീസിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

പരാതിക്കാരൻ പ്രസിഡന്റായുള്ള പെരിങ്ങാവ് ജുമഅത്ത് പള്ളി കമ്മറ്റി പരിപാലിക്കുന്ന പെരിങ്ങാവ് ജുമഅത്ത് പള്ളിയുടെ ആവശ്യങ്ങൾക്കായി 1167688003362 എന്ന കൺസ്യൂമർ നമ്പറിലും LT 6 A താരിഫിലും ഒരു ത്രീഫേസ് കണക്ഷൻ ഉണ്ട്. പ്രസ്തുത വൈദ്യുതി കണക്ഷന്റെ കണക്റ്റഡ് ലോഡ് 17.753 KW ആണ്. 20-09-2023 തിയ്യതിയിലാണ് ടി കണക്ഷൻ സിംഗിൾ ഫേസിൽ നിന്നും ത്രീഫേസ്

ആക്കിമാറ്റുന്നതും കണക്ടഡ് ലോഡ് 17.753 KW ആയി വർദ്ധിപ്പിക്കുന്നതും എന്നും എതിർകക്ഷി അറിയിച്ചു.

30-09-2023 ൽ 1167688003362 എന്ന കൺസ്യൂമർ നമ്പറിൽ നിന്നും നിയമവിരുദ്ധമായി ഷെഡിലേക്ക് എടുത്ത കണക്ഷൻ ഒഴിവാക്കണമെന്ന് കാരാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കൽ നിന്നും നോട്ടീസ് ലഭിച്ചതിൻ പ്രകാരമാണ് 1167684018207 എന്ന നമ്പറായി LT VI F താരിഫിൽ രണ്ടാമത്തെ കണക്ഷൻ എടുത്തത് എന്ന് പരാതിക്കാരൻ അറിയിച്ചു.

പരാതിക്കാരന്റെ 1167688003362 എന്ന പെരിങ്ങാവ് ജുമുഅത്ത് പള്ളിയുടെ ആവശ്യങ്ങൾക്കായുള്ള കണക്ഷന്റെ കണക്ട് ലോഡ് മാറ്റവുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ കണക്ട് ലോഡ് മാറ്റത്തിന്റെ അപേക്ഷയിൽ അംഗീകരിച്ച പ്ലാനിൽ ഉൾപ്പെടുന്ന മസ്ജിദ് ഷെഡിലേക്ക് തന്നെയാണ് രണ്ടാമത്തെ സർവ്വീസ് കണക്ഷനും (1167688018207) നൽകിയിട്ടുള്ളത്. രണ്ടാമത്തെ കണക്ഷന്റെ കണക്ടഡ് ലോഡ്, ആദ്യത്തെ കണക്ഷന്റെ ലോഡിൽ ഉൾ പ്പെടുത്തിയിട്ടുള്ളത് തന്നെയാണെന്ന് എതിർകക്ഷി അറിയിക്കുന്നു.

20-09-2023 ൽ റഗുലറൈസ് ചെയ്ത ലോഡിന് 30-09-2023 ൽ നിയമവിരുദ്ധ എക്സ്റ്റൻഷൻ ആണ് എന്ന് പറഞ്ഞ അസിസ്റ്റന്റ് എഞ്ചിനീയർ നോട്ടീസ് നൽകിയത് തികച്ചും നിയമ വിരുദ്ധമാണ്. 1167688003362 എന്ന പള്ളിയുടെ സർവ്വീസ് കണക്ഷനിൽ ഉൾപ്പെട്ടിരുന്ന ഒരു ഷെഡിലേക്ക് വീണ്ടും സർവ്വീസ് കണക്ഷൻ എടുക്കണമെന്ന് ആവശ്യപ്പെടുകയും ആയതിൻപ്രകാരം 04-04-2024 ന് പരാതിക്കാരൻ നൽകിയ അപേക്ഷയിൽ 116788018207 ആയി കണക്ഷൻ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയരുടെ നടപടി നിയമാനുസൃതം ആയിരുന്നില്ല എന്ന് ഫോറം മനസ്സിലാക്കുന്നു. കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 52 അനുസരിച്ച് ഒരേ ആവശ്യത്തിന് ഒരു പ്രിമിസസ്സിൽ ഒന്നിലധികം കണക്ഷൻ അനുവദനീയമല്ല എന്ന നിയമത്തിനെതിരായിട്ടാണ് അസിസ്റ്റന്റ് എഞ്ചിനീയർ പരാതിക്കാരന് രണ്ടാമത്തെകണക്ഷനായ 1167688018207 നമ്പറായി LT VI A യിൽ 09-04-2024 ൽ

സർവ്വീസ് കണക്ഷൻ അനുവദിച്ചിട്ടുള്ളത്. ഏകദേശം രണ്ട് മാസങ്ങൾക്കുള്ളിൽ 03-06-2024 ന് നടത്തിയ സ്ഥലപരിശോധനയിൽ കബർകുഴി എടുക്കുന്നത് കാണുകയും താരിഫ് ദുരുപയോഗം ആണെന്ന് മനസ്സിലാക്കി താരിഫ് LT VI F ലേക്ക് മാറ്റിയത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, കാരാട് റിപ്പോർട്ട് ചെയ്തതായി എതിർകക്ഷി അറിയിച്ചു. 03-06-2024 ന്റെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥല പരിശോധനയിൽ 2702 watts ഉപയോഗം കണ്ടുവെന്നും 1010 watts ന്റെ ഡ്രില്ലിംഗ് മെഷിൻ ഉപയോഗിച്ച് കബർസ്ഥാൻ കുഴിയെടുത്തു എന്ന് പറയുമ്പോഴും 1406 വാട്സ് ( Fan-8 X60 W, LED-3 X50 W, 6A plug-3 X60 W, LED-8 X12 w, Power plug 1 X 500W) ഉള്ള രണ്ടാമത്തെ കണക്ഷന്റെ ലോഡിൽ ഒരു മാറ്റവും ഉൾപ്പെടുത്താതെ Temporary extension ആയി കണക്കാക്കി ചാർജ്ജ് ചെയ്യേണ്ടിയിരുന്ന 1010 watts ന്റെ ഡ്രില്ലിംഗ് മെഷിൻ ഉപയോഗത്തെ സ്ഥിരമായ ആവശ്യമായി കണക്കാക്കി താരിഫ് LT VI F ലേക്ക് മാറ്റിയ കാരാട് അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടിയിൽ procedural വീഴ്ച ഉണ്ടായതായി ഫോറം മനസ്സിലാക്കുന്നു. പരാതിക്കാരന്റെ രണ്ടാമത്തെകണക്ഷൻ നൽകിയപ്പോഴും ആയതിന്റെ താരിഫ് LT VI F ലേക്ക് മാറ്റിയപ്പോഴും നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുള്ളതായി ഫോറം മനസ്സിലാക്കുന്നു.

പള്ളിയിൽ ഭാവിയിൽ ഉണ്ടാകുന്ന നിർമ്മാണപ്രവൃത്തനങ്ങൾക്കും കബർ കുഴിക്കുന്നതിന് വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും പരാതിക്കാരന് നൽകിയ രണ്ടാമത്തെ കണക്ഷൻ (1167688018207) LT VI F ൽ നിലനിർത്തണം എന്നാണ് പരാതിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ രണ്ടാമത്തെ കണക്ഷന്റെ മുഴുവൻ ലോഡും ആദ്യത്തെ സർവ്വീസ് കണക്ഷനിൽ ഉൾപ്പെട്ടിട്ടുള്ളതും റഗുലറൈസ് ചെയ്തിട്ടുള്ളതും ആണെന്നും ഫോറം മനസ്സിലാക്കുന്നു. രണ്ടാമത്തെ കണക്ഷൻ നൽകിയിരിക്കുന്ന ബിൽഡിംഗിൽ സ്ത്രീകൾക്കായുള്ള നിസ്കാര സൗകര്യവും ഇതിനോടനുബന്ധിച്ചുള്ള ഷെഡിൽ പ്രാർത്ഥനാ ക്ലാസുകളുമാണ് നടക്കാറുള്ളത് എന്ന് അന്വേഷണത്തിൽ മനസ്സിലായതായി അറിയിച്ച എതിർകക്ഷിയുടെ വാദത്തെ പരാതിക്കാരൻ എതിർത്തിട്ടില്ലാത്തതാണ്. ആയതിനാൽ രണ്ടാമത്തെ

കണക്ഷന്റെഉപയോഗവും താരിഫ് ഓർഡർ പ്രകാരം LT VI A താരിഫിൽ തന്നെയാണ് എന്ന് ഫോറം മനസ്സിലാക്കുന്നു. കബർകുഴിക്കുന്ന വല്ലപ്പോഴും വരുന്ന താല്ക്കാലിക ആവശ്യത്തിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ താരിഫ് ഓർഡർ പ്രകാരം LT III(B)- Temporary extension നുവേണ്ടി അപേക്ഷിക്കാവുന്നതും നിർദ്ദിഷ്ട ചാർജ് അടച്ച് പരമാവധി 15 ദിവസം വരെ ഉപയോഗിക്കാവുന്നതുമാണ്.

മൊഴികളുടെയും ഹാജരാക്കിയ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ പരാതിക്കാരന്റെ രണ്ട് കണക്ഷനുകളും ഒരേ ആവശ്യത്തിന് ( centre for religious worship) ഉള്ളതാണെന്നും ആയതിന്റെ താരിഫ് LT VI A ആണെന്നും രണ്ടാമത്തെ കണക്ഷന്റെ ലോഡും ആദ്യത്തെ കണക്ഷനിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഫോറം കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 52 അനുസരിച്ച് കൺസ്യൂമർ നമ്പർ 18207 ആയി നൽകിയിട്ടുള്ള പരാതിക്കാരന്റെ സർവ്വീസ് കണക്ഷൻ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് അഴിച്ച് ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന കൊണ്ടോട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശം നിയമാനുസൃതമാണെന്നും പാലിക്കപ്പെടേണ്ടതാണെന്നും ഫോറം കണ്ടെത്തിയിരിക്കുന്നു. രണ്ടാമത്തെ കണക്ഷന്റെ ലോഡ് ആദ്യത്തെ കണക്ഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആദ്യത്തെ കണക്ഷനിൽ നിന്ന് തന്നെ ചാർജ് ചെയ്ത് നൽകേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

<u>തീരുമാനം</u>:-

- ഫോറം പരാതി തള്ളി തീർപ്പാക്കിയിരിക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് സെപ്റ്റംബർ മാസം 24-)0 തിയ്യതി.

| | |
|---|---|
| *Sd/-* | *Sd/-* |
| **ഫ്രാൻസിസ്. എ. സി,** | **സാജമ്മ. ജെ. പുന്നൂർ** |
| **അംഗം** | **അദ്ധ്യക്ഷ** |

**അയയ്ക്കുന്നത്:**

1. ശ്രീ. പി. സി. മൂസക്കുട്ടി,
പ്രസിഡന്റ്,
പെരിങ്ങാവ് ജുമുഅത്ത് –
പള്ളി പരിപാലന കമ്മറ്റി,
മലപ്പുറം–676 551.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്കൊയറിന് സമീപം
എറണാകുളം, കേരള– 682016.
(ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
കൊണ്ടോട്ടി, മലപ്പുറം–ജില്ല.

**കോപ്പി സമർപ്പിക്കുന്നത് :**

ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ),
കോഴിക്കോട് .

**കോപ്പി സമർപ്പിക്കുന്നത് :**

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ
ഇലക്ട്രിക്കൽ സർക്കിൾ,മഞ്ചേരി,
കെ.എസ്.ഇ.ബി ലിമിറ്റഡ്,മലപ്പുറം

3. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ
ഇലക്ട്രിക്കൽ ഡിവിഷൻ, കൊണ്ടോട്ട്,
കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
ലിമിറ്റഡ്,കാരാട്, മലപ്പുറംജില്ല.

Forwarded

Sd/-

**Chairperson**